(ബി) ഒറ്റത്തവണ ടാർ പെയ്യൽ പദ്ധതി അനുസരിച്ച് ഓരോ പൊതുമരാമത്ത് ഡിവിഷനുകൾക്കും അനുവദിച്ച തുക എത്ര വീതമെന്നും ഇനിയും പ്രവൃത്തികൾക്കായി കൂടുതൽ തുക അനുവദിയ്ക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതി പ്രകാരം നാളിതുവരെ 400 കോടി രൂപയുടെ ഭരണാനുമതി 2015-16 കാലയളവിൽ അനുവദിച്ചിട്ടുണ്ട്. ഓരോ നിയോജക മണ്ഡലത്തിനും, ഓരോ ഡിവിഷനും അനുവദിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഇതുകൂടാതെ കൂടുതൽ പ്രവൃത്തികൾക്ക് തുക വീണ്ടും അനുവദിച്ചിട്ടുണ്ട്.

ആസ്തി വികസന പദ്ധതി

342 (1427) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ മണ്ഡലം MLA-യുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും പൊതുമരാമത്ത് വകുപ്പിൽ നിന്നും ഏതെങ്കിലും പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ടെൻഡർ ചെയ്തിട്ടുണ്ടോ; എങ്കിൽ ടെൻഡർ എടുത്ത വ്യക്തിയുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) തവനൂർ മണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളതും ടെണ്ടർ നടപടികൾ സ്വീകരിച്ചതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ബഡ്ജറ്റിൽ പരിഗണന നൽകി പ്രഖ്യാപിച്ച പ്രൊപ്പോസലുകൾ

343 (1428) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ആദ്യ ബജറ്റിൽ (2011-12) പ്രത്യേക പരിഗണന നൽകി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പ്രൊപ്പോസലുകൾ ഏതെല്ലാമായിരുന്നു; വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എത്രയെണ്ണത്തിന്റെ പണി ആരംഭിക്കാൻ കഴിഞ്ഞു; എത്ര പദ്ധതികൾ പൂർത്തീകരിച്ചു; നാളിതുവരെ പ്രവൃത്തി ആരംഭിക്കാനാകാത്ത പദ്ധതികൾ എത്ര; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾക്കായി ആദ്യ ബജറ്റിൽ ഉൾപ്പെടുത്തിയ തുകയെത്രയെന്നും തുടർന്നുള്ള ബജറ്റുകളിൽ തുക വകയിരുത്തിയിരുന്നോയെന്നും വ്യക്തമാക്കുമോ :

(ഡി) പ്രസ്തുത പദ്ധതികൾക്കായി ജൈക്കയിൽ നിന്നും ഇതിനകം ചിൽവഴിച്ച തുകയെത്ര; വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ (2011-12) പ്രത്യേക പരിഗണന നൽകി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച ബൈപ്പാസുകൾ - കൊല്ലം ബൈപ്പാസ്, ആലപ്പുഴ ബൈപ്പാസ്, ചങ്ങനാശ്ശേരി വെസ്റ്റേൺ ബൈപ്പാസ്, പാലക്കാട് കെ.എസ്.ആർ.ടി.സി. ലിങ്ക് റോഡ്, അയർക്കുന്നം കുറ്റില്ലം ബൈപ്പാസ്, കോട്ടയം, പാറക്കടവ് ജ്യോതിസ് ജംഗ്ഷൻ ബൈപ്പാസ് - കട്ടപ്പന, തൃശ്ശൂർ അമ്പലനഗർ - മണ്ണുത്തി ബൈപ്പാസ് എന്നിവയാണ്.

(ബി) കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ പണി ആരംഭിച്ചിട്ടുണ്ട്. പാലക്കാട് കെ.എസ്.ആർ.ടി.സി. ലിങ്ക് റോഡ്, പാറക്കടവ് ജ്യോതിസ് ജംഗ്ഷൻ ബൈപ്പാസ്-കട്ടപ്പന എന്നീ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ചങ്ങനാശ്ശേരി വെസ്റ്റേൺ ബൈപ്പാസിന്റെ സർവ്വേ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. അയർക്കുന്നം കുറ്റില്ലം ബൈപ്പാസ് - കോട്ടയം എന്നീ പദ്ധതികളുടെ റോഡ് അക്വിസിഷൻ നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. തൃശ്ശൂർ അമ്പലനഗർ-മണ്ണുത്തി ബൈപ്പാസ് റോഡിന്റെ മണ്ണുത്തി മുതൽ പവർ ഹൗസ് ജംഗ്ഷൻ-8 കി. മീറ്ററിന്റെ അലൈൻമെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

(സി) കൊല്ലം, ആലപ്പുഴ ബൈപ്പാസുകൾക്കായി 2011-12 സാമ്പത്തിക വർഷത്തിൽ തുക വകയിരുത്തിയിട്ടുണ്ടായിരുന്നില്ല. തുടർന്നുള്ള ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടായിരുന്നു. ചങ്ങനാശ്ശേരി വെസ്റ്റേൺ ബൈപ്പാസ്, പാലക്കാട് കെ.എസ്.ആർ.ടി.സി. ലിങ്ക് റോഡ്, അയർക്കുന്നം കുറ്റില്ലം ബൈപ്പാസ്, കോട്ടയം, പാറക്കടവ് ജ്യോതിസ് ജംഗ്ഷൻ ബൈപ്പാസ് - കട്ടപ്പന, തൃശ്ശൂർ അമ്പലനഗർ - മണ്ണുത്തി ബൈപ്പാസ് എന്നിവയ്ക്ക് ആദ്യ ബഡ്ജറ്റിൽ (2011-12)-ൽ 6 കോടി രൂപ ഉൾപ്പെടുത്തിയിരുന്നു. തുടർന്നുള്ള ബഡ്ജറ്റിൽ പ്രസ്തുത പദ്ധതികൾക്കായി തുക വകയിരുത്തിയിരുന്നില്ല.

(ഡി) വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly